**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

03-02-2020 - ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.210

**കരുനാഗപ്പള്ളി ഫയർസ്റ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ.രാമചന്ദ്രൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) കരുനാഗപ്പള്ളി ഫയർസ്റ്റേഷൻ സ്വകാര്യ കെട്ടിടത്തിൽ പരിമിതമായ ചുറ്റുപാടിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ; | എ) ഉണ്ട്. കാലപ്പഴക്കം ചെന്നതും ജീർണ്ണാവസ്ഥയിലുള്ളതുമായ വാടകക്കെട്ടിടത്തിലാണ് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത്. |
| ബി) കോടികൾ വിലമതിക്കുന്ന ഉപകരണങ്ങളും വാഹനങ്ങളും സൂക്ഷിക്കുന്നതിന് സൗകര്യമില്ലാതെ നശിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | ബി) ഗ്യാരേജിൽ സ്ഥല പരിമിതി നിലവിലുണ്ടെങ്കിലും നിലയത്തിലെ വാഹനങ്ങളും ഉപകരണങ്ങളും നശിക്കാത്ത രീതിയിൽ സുരക്ഷിതമായി പരിപാലിച്ചു വരുന്നു. |
| സി) ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ആഭ്യന്തര വകുപ്പ് കൈമാറിയസ്ഥലത്ത് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ? | സി) ഫയർ സ്റ്റേഷന് പുതിയ കെട്ടിടവും ഫാമിലി ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ